ശ്രീ. ആർ. ശങ്കർ : ദേവസ്വം ബോർഡിനെ വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ടെന്നു ബഹു. മന്ത്രി ഒരു യോഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു.

ശ്രീ. ആർ. ശങ്കർ : അതു ഡിനൈ ചെയ്തുകൊണ്ടു ദേവസ്വം ബോർഡു പ്രസിഡണ്ടു് ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

Sri. D. Gnanasigamoni: Is the report confidential?

Sri. T. K. Narayana Pillai: Yes, it is obsolutely so.

Sri. D. Gnaansigamoni: Then how was the report shown to the Devaswom President?

Sri. T. K. Narayana Pillai: Only certain portions of the contents of the report were communicated to the Devaswom President.

ശ്രീ. പി. എം. വർഗ്ഗീസ് : ഈ അന്വേഷണം പൂർത്തിയാകുന്നതിനു മുൻപു കുറ്റ്യാനികളാണു് ശബരിമലക്ഷേത്രം തീവച്ചതെന്നുള്ള പ്രസ്താവന കഠിക്ക വല്ല തെളിവും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. പി. കെ. ഡിവർ : ശബരിമല ക്ഷേത്രനാശത്തിനെപ്പറ്റിയുള്ള റിപ്പോർട്ടു രഹസ്യമാണെന്നു പറഞ്ഞു. എന്നാൽ അതിന്റെ കണ്ടെൻസു എല്ലാവരേയും പറഞ്ഞു മനസ്സിലാക്കിയിരിക്കുകയും ചെയ്തു. ബാക്കിയെന്താണു അതിൽ രഹസ്യമുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള : റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള വിശദവിവരങ്ങൾ രഹസ്യമാണെന്നു ഞാൻ പറഞ്ഞുള്ളൂ.

സബ്ബിസു് വിട്ടുപോകാനുള്ള കാരണം

*൨൦. (൨൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ശബരിമല സംഭവം സംബന്ധിച്ചു അന്വേഷണം നടത്തിക്കൊണ്ടിരുന്ന മി. കേശവമേനോൻ ഇവിടത്തെ സബ്ബിസു് വിട്ടുപോകാൻ കാരണം എന്താണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): പ്രത്യേക കാരണങ്ങൾ ഒന്നുമില്ല. മദ്രാസിലേക്കു പോകേണമെന്നുള്ള ശ്രീ. കേശവമേനോന്റെ അപേക്ഷപ്രകാരം ഗവൺമെൻറു അദ്ദേഹത്തെ പിരിച്ചുവിട്ടതെന്നേയുള്ളൂ.

FOOD RATION CUT

*21. (23) **Sri. R. K. Ram:** Will the hon'ble Chief Minister be pleasad to state.—

(*a*) whether the Government accept the decision of the India Government for an overall food ration cut of 25 per cent;

(*b*) if so, whether the food position in the State warrants such cut;

(*c*) the ounces of ration given at present to each individual per day;

(*d*) of which the rice content of the ration?

Chief Minister (**Sri. T. K. Narayana Pillai**): (*a*) Yes.

(*b*) Yes.

(*c*) 9 oz.

(*d*) 7 oz. as before.

LIBRARY ARCHIVES Kerala Legislative Assembly